©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ശനി

Thiruvananthapuram,
Saturday

2025 സെപ്റ്റംബർ 13
13th September 2025
1201 ചിങ്ങം 28
28th Chingam 1201
1947 ഭാദ്രം 22
22nd Bhadra 1947

നമ്പർ
No.
3260

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നം. KLS/7659/2025-Legin3 തീയതി, തിരുവനന്തപുരം 2025 സെപ്റ്റംബർ 13.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ചട്ടം 69 (1) പ്രകാരം 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ (ബിൽ നമ്പർ 267), ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യമെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോ. എൻ. കൃഷ്ണ കുമാർ
സെക്രട്ടറി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ. **267**

2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി (2-ാം നമ്പർ) ബിൽ

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.- 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2015-ലെ 18) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :-

1. ചുരുക്കപ്പേരും പ്രാരംഭവും.- (1) ഈ ആക്ടിന് 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ആക്ട് എന്ന് പേര് പറയാം.

(2) ഇത് 2025 ആഗസ്റ്റ് 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി .- 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ (2015-ലെ 18) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പ് (എ) ഖണ്ഡത്തിലെ (viii)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

3. 3 എ, 3 ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.- പ്രധാന ആക്ടിലെ 3-ാം വകുപ്പിനുശേഷം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

"3എ. ആക്ട് പ്രകാരം അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമിക്കപ്പെട്ട നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ .- ഈ ആക്ടിലോ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും , സർക്കാരിന്, പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച്, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിൽ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിലെ (2015-ലെ 18) വ്യവസ്ഥകൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നിയമിക്കപ്പെട്ട ജീവനക്കാരെ , വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിബന്ധനകളിന്മേൽ സർവ്വകലാശാലകളിൽ നിയമിക്കാവുന്നതാണ്.

3ബി. ഒഴിവാക്കൽ.- ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്റെ (2015-ലെ 18) പരിധിയിൽ നിന്നും ഒഴിവാക്കിയിരുന്നാൽതന്നെയും പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വന്ന തീയതി മുതൽ പ്രസ്തുത സർവ്വകലാശാലയെ പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട തീയതി വരെ പ്രസ്തുത ആക്ട് പ്രകാരം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുതയില്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അല്ലെങ്കിൽ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ കർത്തവ്യത്തെയോ ബാധ്യതയെയോ ബാധിക്കുന്നതല്ലാത്തതാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.- (1) 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് (2025-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും , പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻ കീഴിൽ ചെയ്ത തോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ട് (2015-ലെ 18) പ്രകാരം, പ്രസ്തുത ആക്ടിന്റെ 2-ാം വകുപ്പ് (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള, ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ഉൾപ്പെടെയുള്ള സർവകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നതിനായുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത കമ്മീഷൻ തയ്യാറാക്കിയ പൊതു റാങ്ക് ലിസ്റ്റിൽ നിന്നും മേല്പറഞ്ഞ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുകയും ചെയ്തു.

2. എന്നാൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാലയിൽ നിയമനം ലഭിച്ചവർക്ക് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ പ്രോവിഡന്റ് ഫണ്ട് തുടങ്ങി മറ്റ് സർവ്വകലാശാലയിൽ നിയമിതരായവർക്ക് ലഭ്യമാകുന്ന സർവ്വീസ് ആനുകൂല്യങ്ങളൊന്നും ലഭ്യമല്ലാത്തതാണ്. കേരള സർവ്വീസ് ചട്ടങ്ങളുടെ ഭാഗം III പ്രസ്തുത സർവ്വകലാശാലയ്ക്ക് ബാധകമല്ലാത്തതിനാൽ ജീവനക്കാരെ നാഷണൽ പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുവാനോ അതിലേയ്ക്ക് മാറ്റുവാനോ സാധിക്കുന്നതല്ല. നിലവിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടും അതിൻ കീഴിലുള്ള പെൻഷൻ സ്കീമും ആണ് ജീവനക്കാർക്ക് ബാധകമായിട്ടുള്ളത്.

3. സംസ്ഥാനത്തെ മറ്റ് സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള സ്റ്റാഫ് പാറ്റേൺ, ഉദ്യോഗപ്പേര്, യോഗ്യതകൾ, ശമ്പളസ്കെയിൽ എന്നിവ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല പിന്തുടരുന്നില്ല. കൂടാതെ ആവർത്തക പദ്ധതിയേതര ഗ്രാന്റുകൾ സർവ്വകലാശാലയ്ക്ക് ലഭിക്കുന്നുമില്ല. മാത്രമല്ല, പ്രസ്തുത സർവ്വകലാശാലയിലെ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങളിലെ ഭാഗം III ബാധകമാക്കിയിട്ടില്ലാത്തതുമാണ്. ആയതിനാൽ, പ്രസ്തുത സർവ്വകലാശാല മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

4. മേല്പറഞ്ഞ സാഹചര്യത്തിൽ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാലയുടെ സവിശേഷ സ്വഭാവം പരിഗണിച്ച് പ്രസ്തുത സർവ്വകലാശാലയെ 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന്റെ (2015-ലെ 18) പരിധിയിൽ നിന്ന് ഒഴിവാക്കിയും പ്രസ്തുത സർവ്വകലാശാലയിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും അനദ്ധ്യാപക തസ്തികകളിൽ നിയമനം ലഭിച്ചവർക്ക് മറ്റ് സർവകലാശാലകളിൽ നിയമനം നൽകുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയും പ്രസ്തുത ആക്ട് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

5. ഈ വിഷയം സംബന്ധിച്ച സംസ്ഥാനത്തെ നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ പതിനഞ്ചാം കേരള നിയമസഭയുടെ ബിൽ നമ്പർ 240 ആയി പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും, ആയത് നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

6. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം അടിയന്തരമായി നടപ്പാക്കേണ്ട സാഹചര്യങ്ങൾ നിലവിലുണ്ടായിരുന്നതിനാലും 2025-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഭേദഗതി ഓർഡിനൻസ് (2025-ലെ 1-ാം നമ്പർ ഓർഡിനൻസ്) 2025 ആഗസ്റ്റ് 13-ാം തീയതി ബഹു. കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2025 ആഗസ്റ്റ് 14-ാം തീയതി 2970-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2025-ലെ 1-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.15 11:04:31 +05:30